# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ: ശ്രീമതി. ഷീബ ജോർജ് ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിത-ശിശു വികസന വകുപ്പ്-ഐ.സി.പി.എസ്-എസ്.സി.പി.എസ്.- സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറി നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ് നമ്പർ G.O.(P)62/2018/Fin. തീയതി 16.04.2018.
2.ഈ കാര്യാലയത്തിലെ 09.05.2018 ലെ ഇതേ നമ്പർ ഉത്തരവ്.
3.ആലപ്പുഴ DCPO യുടെ 10.05.2018 ലെ കത്ത് നമ്പർ DCPU (എ)/857/18.

**ഉത്തരവ് നമ്പർ- ICPS-4(A)/3096/18 തീയതി:16.05.2018**

പ്ലാൻ ഫണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗം കണക്കിലെടുത്ത് പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കുന്നതിന് മേൽപരാമർശം 1 പ്രകാരം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഘടകങ്ങളായ SCPS,DCPU,ജെ.ജെ.സ്ഥാപനങ്ങൾ എന്നിവർ PSTSB അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി മേൽപരാമർശം 2 പ്രകാരം നൽകിയിരുന്നു.

നടപ്പുസാമ്പത്തിക സാമ്പത്തിക വർഷം ICPS ന്റെ ശീർഷകമായ 2235-02-102-61 (P) യിൽ നിന്നും പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനങ്ങൾ,ജീവനക്കാരുടെ ശമ്പളം എന്നീ ഇനങ്ങളിൽ ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസ് ഐ.സി.ഡി.എസ് സെൽ സീനിയർ സൂപ്രണ്ടുമാരുടെ പേരിൽ അലോട്ട്മെന്റ് ആയി നൽകുകയും ടി തുക ബന്ധപ്പെട്ട ഓഫീസർമാരുടെ എസ്.റ്റി.എസ്.ബി.അക്കൗണ്ടിലേക്ക് മാറി നൽകുന്നതിനു അനുമതിയും നൽകിയിരുന്നു. എന്നാൽ STSB അക്കൗണ്ടുകളിലേക്ക് ഫണ്ട് മാറി നൽകാൻ കഴിയുകയില്ലെന്ന് ട്രഷറിയിൽ നിന്നും അറിയിച്ചതായി ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ,സീനിയർ സൂപ്രണ്ടുമാർ എന്നിവർ അറിയിക്കുകയുണ്ടായി.ഫണ്ട് മാറുവാൻ കഴിയാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് മുന്നോട്ടുപോകുന്നത്.

മേൽപരാമർശം 2 ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലാ യൂണിറ്റുകളും ജെ.ജെ.സ്ഥാപനങ്ങളും PSTSB അക്കൗണ്ട് ആരംഭിച്ച സാഹചര്യത്തിൽ നടപ്പുസാമ്പത്തിക വർഷം ICPS ന്റെ ശീർഷകമായ 2235-02-102-61 (P) യിൽ നിന്നും വിവിധ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെയും ജെ.ജെ.സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിനായി വിവിധ ഉത്തരവുകൾ പ്രകാരം ജില്ലാ പ്രോഗ്രാം ഓഫീസ് ഐ.സി.ഡി.എസ് സെൽ സീനിയർ സൂപ്രണ്ടുമാരുടെ പേരിൽ അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായോ, ഘട്ടം ഘട്ടമായോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ PSTSB അക്കൗണ്ടുകളിലേക്ക് മാറ്റി നൽകുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
വനിത-ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി,SCPS

ICDS സെൽ പ്രോഗ്രാം ഓഫീസിലെ എല്ലാ സീനിയർ സൂപ്രണ്ടുമാർക്കും(എല്ലാ ജില്ലകളിലെയും)
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ജെ.ജെ.സ്ഥാപന സൂപ്രണ്ടുമാർക്കും,ആഫ്റ്റർ കെയർ സൂപ്രണ്ടുമാർക്കും
അക്കൗണ്ട്സ് ഓഫീസർ,എസ്.സി.പി.എസ്

പകർപ്പ്:

- ICPS – 4
- സ്റ്റോക്ക്ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്